# കുടുംബശ്രീ തൊഴിൽ പരിശീലനം കിട്ടിയവർ ആർസിസിയിൽ

---

നഗരവാസികൾക്കിടയിൽ ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമിട്ടുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണ് ദേശീയ നഗര ഉപജീവന ദൗത്യം (എൻയുഎൽഎം). നഗരപ്രദേശങ്ങളിലെ നിർധന വിഭാഗത്തിന് ഉപജീവനം ഉറപ്പാക്കുക, തൊഴിൽരഹിതകർക്ക് വരുമാനദായകമായ തൊഴിൽ സാഹചര്യം ഉറപ്പുവരുത്തുക, എന്നിവയും ദാരിദ്ര്യ ലഘൂകരണത്തിനൊപ്പം ദേശീയ നഗര ഉപജീവന ദൗത്യം ലക്ഷ്യമിടുന്നു. കേരളത്തിൽ ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ നോഡൽ ഏജൻസി കുടുംബശ്രീയാണ്. ഈ ലക്ഷ്യമിട്ട് ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ നടപ്പാക്കി വന്നിരുന്ന സ്വർണ്ണ ജയന്തി ഷെഹരി റോസ്ഗാർ യോജന (എസ്ജെഎസ്ആർവൈ)യുടെ തുടർച്ചയായാണ് ദീൻദയാൽ അന്ത്യോദയ യോജന- ദേശീയ നഗര ഉപജീവന ദൗത്യം ആരംഭിച്ചത്. ദേശീയ തലത്തിൽ 2013ൽ എൻയുഎൽഎം ആരംഭിച്ചെങ്കിലും കേരളത്തിൽ 2015 മേയ് മുതലാണ് ഈ പദ്ധതി നടപ്പാക്കി തുടങ്ങിയത്.

പദ്ധതി കേരളത്തിൽ നടപ്പാക്കുന്നതിന് കുടുംബശ്രീയെ തെരഞ്ഞെടുത്തു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എൻയുഎൽഎം സ്റ്റേറ്റ് മിഷൻ ഡയറക്ടറായി വർത്തിക്കുന്നു. മുഖ്യമന്ത്രി ചെയർമാനായ ഗവേണിങ് കൗൺസിലും ചീഫ് സെക്രട്ടറി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മറ്റിയുമുണ്ട്. പദ്ധതി നടപ്പാക്കുന്ന ഓരോ നഗരസഭകളിലും പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റികളുമുണ്ട്. വാർഷിക വരുമാനം 50000 രൂപയിൽ താഴെയായ നഗരവാസികളെയാണ് കേരളത്തിൽ നഗരദരിദ്രരായി കണക്കാക്കുന്നത്. ഇവർക്ക് എൻയുഎൽഎം പദ്ധതിയുടെ എല്ലാവിധ ഗുണങ്ങളും ലഭ്യമാകും.

## തൊഴിൽ പരിശീലനം

15000ത്തോളം നഗരവാസികളായ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുകയെന്ന ലക്ഷ്യമാണ് എൻയുഎൽ എമ്മിന്റെ ഭാഗമായി കുടുംബശ്രീയ്ക്കുള്ളത്. തൊഴിൽ പരിശീലനം നൽകുന്നതിന് 45 ഏജൻസികളാണ് (സ്കിൽ ട്രെയിനിങ് പ്രൊവൈഡേഴ്സ്-എസ്ടിപി) ഇപ്പോൾ

കുടുംബശ്രീയുമായി കരാറിലെത്തിയിട്ടുള്ളത്. കേരളത്തിലെ 93 നഗരങ്ങളിൽ നിന്നുള്ള യുവതീയുവാക്കൾക്ക് പരിശീലനം നൽകിയ ശേഷം ശമ്പളാടിസ്ഥാനത്തിലുള്ള തൊഴിലോ സ്വയം തൊഴിലോ കണ്ടെത്തുന്നതിനായി വിദഗ്ധ ഏജൻസികളുടെ സഹായവും കുടുംബശ്രീ ഏർപ്പെടുത്തി നൽകുന്നു. സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി 4 ശതമാനം പലിശ നിരക്കിൽ വ്യക്തിക്ക് 2 ലക്ഷം രൂപ വരെയും യുവസംരംഭകരുടെ സംഘത്തിന് പത്ത് ലക്ഷം രൂപ വരെയും ധനസഹായവും നൽകുന്നു. ഓരോ നഗരസഭകളിലെയും ദേശീയ നഗര ഉപജീവന മിഷൻ യൂണിറ്റാണ അതാത് മേഖലകളിലെ പരിശീലന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്.

## പരിശീലനം

- എട്ടാം ക്ലാസ് പൂർത്തിയായവർക്ക് മുതൽ ബിരുദ പഠനം കഴിഞ്ഞവർക്ക് വരെ അവരവരുടെ യോഗ്യതയ്ക്കനുസൃതമായ വ്യത്യസ്തമായ നിരവധി കോഴ്സുകളിൽ ഈ തൊഴിൽ പരിശീലന പദ്ധതി വഴി പരിശീലനം നൽകി വരുന്നു.
- രണ്ട് മാസം മുതൽ ഒമ്പത് മാസം വരെയാണ് കോഴ്സുകളുടെ കാലാവധി.
- നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയ്നിങ് (എൻസിവിടി) നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (എൻഎസ്ഡിസി) അംഗീകാരമുള്ള കോഴ്സുകളിലാണ് പരിശീലനം.
- സെന്ററുകളിൽ താമസിച്ച് പരിശീലനം നേടാനുള്ള സൗകര്യവുമുണ്ട്. താമസവും ഭക്ഷണവും സൗജന്യമാണ്.
- പരിശീലനാർത്ഥികൾക്ക് അവരുടെ അഭിരുചിക്കിണങ്ങുന്ന കോഴ്സുകൾ പ്രാദേശിക കേന്ദ്രങ്ങളിൽ ലഭ്യമല്ലാത്ത പക്ഷം നഗരങ്ങൾക്ക് പുറത്ത് റസിഡൻഷ്യൽ പരിശീലനത്തിന് പ്രവേശനം നൽകും

## പരിശീലനത്തിനുള്ള അപേക്ഷകന്റെ യോഗ്യതകൾ

ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ നൈപുണ്യ വികസനവും തൊഴിലവസരങ്ങൾ ഉറപ്പുവരുത്തലും എന്ന പദ്ധതി ഘടകത്തിൻ കീഴിൽ തെരഞ്ഞെടുക്കപ്പെടുന്ന പരിശീലനാർത്ഥികൾ നഗരത്തിലെ ദരിദ്ര ജനവിഭാഗങ്ങളിൽപ്പെട്ടവർ മാത്രമായിരിക്കണം. താഴെ പറയുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാകും തെരഞ്ഞെടുപ്പ്.

- അപേക്ഷകൻ സുവർണ്ണജയന്തി ശഹരി സ്വരോസ്ഗാർ യോജന, ദേശീയ നഗര ഉപജീവന ദൗത്യം എന്നിവയ്ക്ക് കീഴിലുള്ള നൈപുണ്യ വികസന പരിശീലന പരിപാടികളിലൂടെ മറ്റ് ഏതെങ്കിലും മേഖലയിൽ കഴിഞ്ഞ മൂന്ന് വർഷത്തിനകം പങ്കെടുത്തവരായിരിക്കരുത്. എന്നാൽ അത്തരത്തിലുള്ളവർക്ക് പരിശീലനം ലഭിച്ച അതേ മേഖലയിൽ കൂടുതൽ ഉയർന്ന് നിലവാരത്തിലുള്ള പരിശീലനം നൽകാവുന്നതാണ്
- അപേക്ഷക്കിന്നുവർ സംസ്ഥാനതല പദ്ധതി നിർവ്വഹണ സമിതി അംഗീകരിച്ച പാഠ്യപദ്ധതി നിഷ്കർഷിക്കുന്ന ഏറ്റവും കുറഞ്ഞ യോഗ്യതയുള്ളയാളാകണം
- പരിശീലനം നൽകപ്പെടുന്ന പട്ടികജാതി- പട്ടികവർഗ്ഗ അപേക്ഷകരുടെ ശതമാനം, ആ നഗരത്തിലെ അവരുടെ ആകെ ജനസംഖ്യയുടെ ശതമാനത്തിൽ കുറയരുത്.
- ഈ പദ്ധതിഘടകത്തിൻ കീഴിൽ പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളിൽ 30ശതമാനം പേർ സ്ത്രീകളും 15ശതമാനം ന്യൂനപക്ഷ വിഭാഗത്തിലുള്ളവരും 3 ശതമാനം പേർ ഭിന്നശേഷിയുള്ളവരും ആയിരിക്കണം. എന്നാൽ വ്യവസായ മേഖലയുടെയും നടപ്പാക്കുന്ന പ്രദേശത്തിന്റെയും പ്രത്യേക സ്വഭാവം കണക്കിലെടുത്ത് ഇത്തരം ശതമാന കണക്കുകൾ നിറവേറ്റാൻ പൊതുവായ പരിശീലന പരിപാടികളിലൂടെ സാധ്യമല്ലെങ്കിൽ മേൽ പറഞ്ഞ ദുർബല ജനവിഭാഗങ്ങൾക്കു മാത്രമായി പ്രത്യേകമായ പരിശീലന പരിപാടികൾ നടത്താവുന്നതാണ്.

ആരോഗ്യം, വിവരസാങ്കേതിക വിദ്യ, ടെലികോം, ഓട്ടോമോട്ടീവ്, ടൂറിസം, ഫുഡ് പ്രോസസിങ്, അക്കൗണ്ടിങ്, ഇലക്ട്രോണിക്സ്, ആയുർവേദം എന്നിങ്ങനെ വ്യത്യസ്ത മേഖലകളിലുള്ള കോഴ്സുകളിലാണ് പരിശീലനം നൽകുന്നത്

**പ്രധാന കോഴ്സുകൾ**

അനലിസ്റ്റ്- സെക്യൂരിറ്റി ഓപ്പറേഷൻസ്
ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്
അക്കൗണ്ട്സ് അസിസ്റ്റന്റ് യൂസിങ് ടാലി
സിഎൻസി ഓപ്പറേറ്റർ
ഡേറ്റ എൻട്രി ഓപ്പറേറ്റർ

മൊബൈൽ ഹാൻഡ്സെറ്റ് റിപ്പയർ എഞ്ചിനീയർ

ഫീൽഡ് എഞ്ചിനീയർ- ഇലക്ട്രോണിക്സ്

അക്കൗണ്ടന്റ്

ലോജിസ്റ്റിക്സ് മാനേജ്മെന്റ് അസോസിയേറ്റ്

ഫീൽഡ് ടെക്നീഷ്യൻ- നെറ്റ്വർക്കിങ് ആൻഡ് സ്റ്റോറേജ്

ആനിമേറ്റർ

ഓട്ടോമോട്ടീവ് സർവീസ് ടെക്നീഷ്യൻ

മൾട്ടി ക്യുസിൻ കുക്ക്

ആപ്ലിക്കേഷൻ സെക്യൂരിറ്റി അനലിസ്റ്റ്

ഇലക്ട്രീഷ്യൻ

ഡെന്റൽ സെറാമിക് അസിസ്റ്റന്റ്

സിസിടിവി ഇൻസ്റ്റലേഷൻ ടെക്നീഷ്യൻ

സർവേയർ

ജൂനിയർ സോഫ്ട് വെയർ ഡെവലപ്പർ

ആപ്ലിക്കേഷൻ ഡെവലപ്പർ

ആയുർവേദ സ്പാ തെറാപ്പിസ്റ്റ്

ഫാഷൻ ഡിസൈനർ

കാഡ് ഡിസൈനർ

ഡയറ്റ് അസിസ്റ്റന്റ്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓപ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, എൻടിടിഎഫ്, മോഡൽ എഞ്ചിനീയറിങ് കോളേജ് തൃക്കാക്കര, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്). നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക് ടെക്നോളജി തുടങ്ങിയ സ്ഥാപനങ്ങൾ ഈ തൊഴിൽ പരിശീലന പരിപാടിക്കായി കുടുംബശ്രീയ്ക്കൊപ്പം ചേർന്ന് പ്രവർത്തിക്കുന്നു.

## <u>തിരുവനന്തപുരത്തെ തൊഴിൽ പരിശീലനം</u>

### <u>തുടക്കം</u>

2016 ജൂലൈയിലാണ് സംസ്ഥാന മിഷനിൽ നിന്നുള്ള നിർദ്ദേശം അനുസരിച്ച് തിരുവനന്തപുരം കോർപ്പറേഷനിൽ തൊഴിൽ പരിശീലനം ആരംഭിച്ചത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ താത്പര്യമുള്ള ഏജൻസികൾ ഏതെല്ലാം കോഴ്സു

കളിൽ പരിശീലനം നൽകുമെന്ന് തീരുമാനിച്ചു. പങ്കെടുക്കാൻ താത്പര്യമുള്ള കുട്ടികളെ അയൽക്കൂട്ടങ്ങൾ വഴിയും മറ്റുമായി കണ്ടെത്തി.

**ഏജൻസികളുടെ പ്രതിഫലം**

ഓരോ ഏജൻസികളും ഓരോ കോഴ്സിൽ പരിശീലനം നൽകുന്നതിനായി മുന്നോട്ടു വയ്ക്കുന്ന പ്രൊപ്പോസൽ അനുസരിച്ചാണ് പ്രതിഫലം നൽകുന്നത്. ബാച്ച് ആരംഭിച്ച് ഏഴ് ദിവസം ആകുമ്പോഴേക്കും ബാച്ച് ഫ്രീസ് ചെയ്യും (പിന്നീട് ആളുകളെ ചേർക്കാൻ പറ്റില്ല). അപ്പോൾ 30 ശതമാനം പ്രതിഫലം നൽകും. പരിശീലനം പൂർത്തിയാക്കി പരീക്ഷ കഴിയുമ്പോൾ ശേഷിച്ച 50 ശതമാനം തുക നൽകും. 20 ശതമാനം തുക കുട്ടികളുടെ ജോലി ലഭ്യത അനുസരിച്ചാണ്. ജോലി ലഭിച്ച് കുറഞ്ഞത് മൂന്ന് മാസം ജോലിയിൽ തുടർന്നാൽ മാത്രമേ ശേഷിച്ച തുക നൽകൂ. പരിശീലനം നേടിയ കുട്ടികൾ മൂന്ന് മാസം ജോലിയിൽ തുടർന്നുവെന്നതിന് തെളിവായി അവരുടെ ശമ്പള സ്ലിപ്പും സഹിതം സമർപ്പിച്ചതിന് ശേഷമാണ് തുക നൽകുക.

**ആർസിസിയിലേക്ക് 52 പേർ**

എൻയുഎൽഎം തൊഴിൽ പരിശീലനം നൽകാൻ കുടുംബശ്രീയുമായി കരാറിലെത്തി എംപാനൽ ചെയ്ത ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിങ് പ്രൊമോഷൻ ട്രസ്റ്റ് (എച്ച്എൽഎഫ്പിപിടി) ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് എന്ന കോഴ്സിൽ നൽകിയ പരിശീലനത്തിൽ പങ്കെടുത്ത 52 പേരാണ് റീജ്യണൽ ക്യാൻസർ കെയർ സെന്ററിൽ ജോലിക്ക് കയറിയത്. മൂന്ന് മാസം നീളുന്നതായിരുന്നു പരിശീലനം.

**തുടക്കം**

ഇത്രയും തൊഴിലവസരങ്ങളുണ്ടെന്ന് കാണിച്ച് സംസ്ഥാന മിഷനിലേക്ക് ആർസിസിയിൽ നിന്ന് കത്തയക്കുകയായിരുന്നു. കുടുംബശ്രീയുമായി നേരിട്ട് കരാർ വയ്ക്കാൻ കഴിയാത്തതിനാൽ ഹ്യൂമൺ ആം എന്ന പേരിൽ തൊഴിൽ പരിശീലനം ലഭിച്ച ഏവരേയും ചേർത്ത് ഒരു സൊസൈറ്റി രജിസ്ട്രർ ചെയ്ത് രൂപീകരിച്ചു. 2016 നവംബർ തുടക്കത്തിലായിരുന്നു ഇത്. ഈ സൊസൈറ്റിയും ആർസിസിയും കുടുംബശ്രീയും ഒത്തൊരുമിച്ചുള്ള കരാർ അനുസരിച്ചാണ് 52 പേരെ ജോലിക്കെടുത്തത്. റിസപ്ഷനിസ്റ്റ്, പേഷ്യന്റ് ഗൈഡൻസ് വർക്കർ (ഓരോ ഡിപ്പാർട്ട്മെന്റിലേക്കും വരുന്നവരെ ഗൈഡ് ചെയ്യുന്ന ചുമതല), ട്രാൻസ്പോർട്ടേഷൻ അസിസ്റ്റന്റ് (വീൽച്ചെയർ, സ്ട്രെച്ചർ എന്നിവയുടെ പ്രവർത്തനം) എന്നീ മേഖലകളിലാണ് ഇവർ സെന്ററിൽ പ്രവർത്തിക്കുന്നത്.

പത്താം ക്ലാസ് ആയിരുന്നു ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് എന്ന കോഴ്സിന്റെ അടിസ്ഥാന യോഗ്യത. ഇതിൽ കൂടുതൽ യോഗ്യതയുള്ളവരും പരിശീലനത്തിൽ പങ്കെടുത്തിരുന്നു. ഓരോരുത്തരുടെയും വിദ്യാഭ്യാസ യോഗ്യത അനുസരിച്ചാണ് റിസപ്ഷനിസ്റ്റ്, പേഷ്യന്റ് ഗൈഡൻസ് വർക്കർ, ട്രാൻസ്പോർട്ടേഷൻ അസിസ്റ്റന്റ് എന്നീ മേഖലകളിൽ ഏതിൽ ഓരോരുത്തരും ജോലി ചെയ്യണമെന്ന് നിശ്ചയിച്ചത്. താത്പര്യമുള്ളവർക്കിടയിൽ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റും തയാറാക്കി അതനുസരിച്ച് ഒരു വർഷ കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. 9000 മുതൽ 12000 വരെയായിരുന്നു പ്രതിഫലം. ഒരു വർഷം കഴിഞ്ഞപ്പോൾ കരാർ പുതുക്കി അതനുസരിച്ച് ശമ്പളവും വർദ്ധിപ്പിച്ചു. ഇഎസ്ഐ, പിഎഫ് തുടങ്ങിയ ആനുകൂല്യങ്ങളും നൽകുന്നു.

## നിലവിലെ പ്രവർത്തനം

- 649 പേർ തൊഴിൽ പരിശീലനം നേടിക്കഴിഞ്ഞു. ഇതിൽ 466 പേർക്ക് തൊഴിൽ ലഭിച്ചു.
- തിരുവനന്തപുരം നഗരസഭയ്ക്ക് കീഴിൽ എൻയുഎൽഎം തൊഴിൽ പരിശീലനം നൽകുന്ന 12 ഏജൻസികളാണുള്ളത്.
- ഈ ഏജൻസികൾ 14 വ്യത്യസ്ത കോഴ്സുകളിൽ പരിശീലനം നൽകുന്നു
- ഇതിൽ ആയുർവേദ സ്പാ തെറാപ്പി കോഴ്സ് മാത്രം റെസിഡൻഷ്യലാണ്